**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2687** **13-10-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിലെ കുട്ടികളുടെ പഠനം പുന:രാംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ , ശ്രീ . ഐ .സി .ബാലകൃഷ്ണൻ , ശ്രീ. ടി. ജെ. വിനോദ്, ഡോ. മാത്യു കുഴൽനാടൻ** | | **Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കോവിഡ് മൂലം വിദ്യാഭ്യാസം ഓൺലൈൻ ആക്കിയ സാഹചര്യത്തിൽ ആദിവാസി മേഖലകളിൽ പഠനം ഉപേക്ഷിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ വർധന ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് മൂലം വിദ്യാഭ്യാസം ഓൺലൈൻ ആക്കിയ പശ്ചാത്തലത്തിൽ എല്ലാ കുട്ടികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യ പഠന മുറികൾ കൂടാതെ ഊരുകൾ കേന്ദ്രീകരിച്ച് അംഗൻവാടികൾ, ക്ലബ്ബുകൾ, കമ്മ്യൂണിറ്റി ഹാളുകൾ മുതലായ പൊതു ഇടങ്ങളിൽ സെന്ററുകൾ സജ്ജീകരിച്ച് ഫെസിലിറ്റേറ്റർമാരുടെ സേവനം ഉപയോഗിച്ച് ക്ലാസുകൾ കൈകാര്യം ചെയ്തുവരുന്നു. |
| (ബി) | ഇത് സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (ബി) | ഇതു സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് പരിശോധന നടത്തിവരുന്നുണ്ട്. |
| (സി) | സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമല്ലാത്തതിനാൽ പഠനം മുടങ്ങിപ്പോയ ആദിവാസി മേഖലകളിലെ കുട്ടികളുടെ പഠനം പുനരാരംഭിക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നതോടെ എം.ആർ.എസ്/പ്രീമെട്രിക് ഹോസ്റ്റലുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിന് നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സ്കൂളുകൾ തുറക്കുമ്പോൾ ആദിവാസി മേഖലകളിലെ കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് പ്രത്യേക വാഹനസൗകര്യം ഏർപ്പാടാക്കുമോ; വ്യക്തമാക്കുമോ? | (ഡി) | വാഹന സൗകര്യമില്ലാത്ത കോളനികളിൽ കുട്ടികളെ സ്ഥാപനങ്ങളിലെത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തു കളുടെ സഹകരണത്തോടെ ഗോത്ര സാരഥി പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു കൈമാറിയ സാഹചര്യത്തിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത്, നഗരകാര്യ വകുപ്പ് മേധാവികൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ